(എഫ്) മരണമടഞ്ഞ ഷീബയുടെ അനന്തരവാകാശികൾക്ക് മതിയായ സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഷീബയുടെ മരണം സംബന്ധിച്ച രജിസ്റ്റർ ചെയ്തക്രൈം 93/2000 കേസ്സിന്റെ അന്വേഷണം ആലപ്പുഴ ഡി.വൈ.എസ്.പി. നടത്തിവരുന്നു. കേസ്സിന്റെ അന്വേഷണ വേളയിൽ ഷീബയെ മണ്ണെണ്ണ ഒഴിച്ച് ഷീബയുടെ ഭർത്താവും മറ്റും ചേർന്ന് തീ കത്തിച്ച് കൊലപ്പെടുത്തിയതാണെന്ന് സംശയിക്കുന്നതായി ഷീബയുടെ പിതാവ് 8-3-2000-ൽ നൽകിയ പരാതി കൂട്ടിചേർത്ത് ആലപ്പുഴ ഡി.വൈ.എസ്.പി. അന്വേഷിച്ചുവരികയാണ്.

(ഡി) പരാതി ലഭിച്ചിട്ടില്ല.

(ഇ) അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) അപേക്ഷ ലഭിച്ചാൽ ധനസഹായം അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## ലാത്തിച്ചാർജ്ജിനെപ്പറ്റി അന്വേഷണം

**103 (3293)** ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ 2000 ജനുവരി 1-ന് ശേഷം നടന്ന പോലീസ് ലാത്തിച്ചാർജ്ജുകളേയും അതിക്രമങ്ങളെയും പറ്റി അന്വേഷിക്കാൻ കമ്മീഷനെ വച്ചിട്ടുണ്ടോ ;

(ബി) ആരെയാണ് ഈ ചുമതല ഏൽപ്പിച്ചിരിക്കുന്നത് ;

(സി) ഈ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമാണ് ;

(ഡി) കമ്മീഷനെ നിയമിച്ചുകൊണ്ടുള്ള ഉത്തരവിൽ പറഞ്ഞിരിക്കുന്ന എല്ലാ വിഷയങ്ങളും ടേംസ് ഓഫ് റഫറൻസിൽ വന്നിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഏതെല്ലാമാണ് ഒഴിവാക്കിയിട്ടുള്ളത് ?

ഉത്തരം

(എ & ബി) 19-01-2000-ന് കൊല്ലത്ത് എ.ഐ.എസ്.എഫ്. മാർച്ചിനുനേരെ നടന്നതായി ആരോപിക്കപ്പെട്ട പോലീസ് അതിക്രമത്തെക്കുറിച്ചും, 7-2-2000-ന് യൂത്ത് കോൺഗ്രസ് മാർച്ചിന് നേരെ ഉണ്ടായതായി ആരോപിക്കപ്പെട്ട പോലീസ് ബലപ്രയോഗത്തെക്കുറിച്ചും അന്വേഷിക്കുന്നതിന് റിട്ടയേഡ് ജില്ലാ ജഡ്ജി ശ്രീ. കെ. പി. നാരായണൻ നായരെ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് അടങ്ങിയ നോട്ടിഫിക്കേഷന്റെ കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി & ഇ) കമ്മീഷനെ നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിൽ ടേംസ് ഓഫ് റഫറൻസ് പ്രത്യേകം പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. ടേംസ് ഓഫ് റഫറൻസ് അതുപ്രകാരം പ്രത്യേകം വിജ്ഞാപനം ചെയ്യുകയാണുണ്ടായത്.

**കോൺസ്റ്റബിൾമാരുടെ പ്രൊമോഷൻ**

104 (3294) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് കോൺസ്റ്റബിളായി നിയമിതനാകുന്ന ഒരാൾ ജനറൽ എക്സിക്യൂട്ടീവ് വിഭാഗം കോൺസ്റ്റബിളാകാൻ ശരാശരി എത്ര വർഷമെടുക്കും ;

(ബി) ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലെ ഒരു കോൺസ്റ്റബിൾ ഹെഡ് കോൺസ്റ്റബിളാകാൻ ശരാശരി എത്ര വർഷമെടുക്കും ;

(സി) ബറ്റാലിയനിലെ ഒരു കോൺസ്റ്റബിൾ ബറ്റാലിയനിൽ തന്നെ ഹെഡ് കോൺസ്റ്റബിൾ ആകാൻ എത്ര വർഷമെടുക്കും ;

(ഡി) ബറ്റാലിയനിലെ കോൺസ്റ്റബിളിനും ഹെഡ് കോൺസ്റ്റബിളിനും ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലെ കോൺസ്റ്റബിളിനും ഹെഡ് കോൺസ്റ്റബിളിനും ഒരേ ശമ്പള സ്കെയിൽ ആണോ ;

(ഇ) ആണെങ്കിൽ സർവ്വീസ് കൂടുതലുള്ള ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലെ കോൺസ്റ്റബിളിനും ഹെഡ്കോൺസ്റ്റബിളിനും പ്രത്യേക ശമ്പള സ്കെയിൽ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആംഡ് പോലീസ് ബറ്റാലിയൻ റിക്രൂട്ട് ചെയ്യപ്പെടുന്ന ഒരു പോലീസ് കോൺസ്റ്റബിൾ മൂന്ന് വർഷത്തെ സേവനത്തിനുശേഷം ജില്ലാ ആംഡ് റിസർവ്വിലേക്ക് സ്വന്തം സമ്മതപ്രകാരം സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ മാറുന്നു. ജില്ലയിലെ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ ഒഴിവുകൾ ഉണ്ടാകുമ്പോൾ ആംഡ് റിസർവ്വിൽ നിന്നും സ്വന്തം സമ്മതപ്രകാരം സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ജനറൽ എക്സിക്യൂട്ടിവിലേക്ക് ഈ കോൺസ്റ്റബിൾ മാറുന്നു. ഇത്തരത്തിൽ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലേക്ക് കോൺസ്റ്റബിളായി വരാൻ എത്രവർഷം വേണ്ടിവരുമെന്ന് മുൻകൂട്ടി കണക്കാക്കുവാൻ സാധിക്കുകയില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly